**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4735 — 27/06/2014-ൽ മറുപടിയ്ക്ക്

# മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>,, എ.റ്റി. ജോർജ്<br>,, വി.പി. സജീന്ദ്രൻ<br>,, എം.പി. വിൻസെന്റ് | **ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും<br>വകുപ്പു മന്ത്രി)** |
| എ) ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കുമോ; | എ) 1. നബാഡ് ധനസഹായത്തോടെയുള്ള നീർത്തട-പാടശ്ശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി (ആർ. ഐ. ഡി. എഫ്).<br>2. പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ നബാർഡ് ധന സഹായ ചെക്ക് ഡാം പദ്ധതി.<br>3. കുട്ടനാട്, മേൽകുട്ടനാട്, ഓണാട്ടുകര പ്രദേശങ്ങളിലെ കാർഷിക ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി.<br>4. ഇടുക്കി ജില്ലയിലെ വട്ടവട കാന്തല്ലൂർ പഞ്ചായത്തുകളിലെ ശീതകാല പഴം പച്ചകറികളുടെ ഉൽപാദന വർദ്ധനവിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി.<br>5. വയനാട് പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കാസർകോഡ് എന്നീ ജില്ലകളിലെ പ്രത്യേക ദുർബല ഗോത്ര വിഭാഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി.<br>6. ശാസ്താംകോട്ട, അരുവിക്കര ശുദ്ധജല പദ്ധതികളുടെ വൃഷ്ടിപ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതി.<br>7. ഉരുൾപൊട്ടൽ ബാധിത/ സാദ്ധ്യതാ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ/പുനരുദ്ധാരണ പദ്ധതി.<br>8. കബനി നദീതട സംരക്ഷണ പദ്ധതി.(RVP)<br>9. ദേശീയ നീർമറി വികസന പദ്ധതി.(NWDPRA).<br>10 രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY). |

ഈ പദ്ധതികളിലൂടെ പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് കാർഷിക, കാർഷികേതര ഭൂമിയുടേയും, നീർച്ചാലുകളുടേയും സംരക്ഷണം ഉറപ്പു വരുത്തുന്നതിനും, ഭൂഗർഭ ജലവിതാനം ഉയർത്തുവാൻ തത്സ്ഥല ജല സംരക്ഷണത്തിന് പ്രാധാന്യം നൽകി കൊണ്ടുമുള്ള വിവിധ മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങളായ മണ്ണു കയ്യാല, കല്ലുകയ്യാല, മഴക്കുഴികൾ, ചെറുകുളങ്ങൾ, പുൽവരമ്പ് വച്ചു പിടിപ്പിക്കൽ വേദികകൾ, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, കിണർ നിർമ്മാണം, വിവിധ തരം തടയണകൾ, പാർശ്വഭിത്തികൾ, മഴവെള്ള സംഭരണികൾ, പാടാശ്ശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള റാമ്പ്, സ്ലൂയിസ്, വെന്റഡ് ക്രോസ്ബാർ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ബി) എത്ര പദ്ധതികളിലായാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

ബി) 10 പദ്ധതികളിലായാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ഇതിൽ 6 എണ്ണം സംസ്ഥാന സർക്കാർ പദ്ധതികളും, 4 എണ്ണം കേന്ദ്ര സർക്കാർ പദ്ധതികളുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. **നീർത്തടവികസനം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം (നബാർഡ് ധനസഹായ പദ്ധതി.)**

   നബാർഡിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി **21318 ഹെക്ടർ** സ്ഥലത്ത് **47.71 കോടി** രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കി.

2. **കുട്ടനാട്, മേൽ കുട്ടനാട് ഓണാട്ടുകര പ്രദേശങ്ങളിലെ കാർഷിക ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി (കുട്ടനാട് പാക്കേജ്)**

   പരമ്പരാഗത ജല സ്ത്രോതസ്സുകളുടെ പുനർജ്ജീവനം, വികസനം,സംരക്ഷണം എന്നിവ വഴി ശുദ്ധജല ലഭ്യത ഉറപ്പാക്കുക, മണ്ണൊലിപ്പ് തടയുക, തന്മൂലമുണ്ടാകുന്ന കൃഷിനാശത്തിന്റെ കാഠിന്യം കുറയ്ക്കുക എന്നീ ലക്ഷ്യത്തോടുകൂടി ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 76 കുളങ്ങളുടേയും 1627 കിണറുകളുടേയും പുനരുദ്ധാരണത്തിന് **11.64** കോടി രൂപയ്ക്കുള്ള പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി.

3. **ഉരുൾപൊട്ടൽ ബാധിത / സാദ്ധ്യതാ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ/ പുനരുദ്ധാരണ പദ്ധതി.**

സംസ്ഥാനത്ത് ഉരുൾ പൊട്ടൽ ഉണ്ടായതും ഉണ്ടാകുവാൻ സാധ്യതയുള്ളതുമായ 354 ഹെക്ടർ പ്രദേശത്ത് 1.38 കോടിയുടെ വിവിധ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

4. **പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളുടെ സങ്കേതങ്ങളിലെ പാരിസ്ഥിതിക പുനർജ്ജീവന പദ്ധതി.**

കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാരുടെ സമഗ്ര വികസനത്തിനായി 13-ാം ധനകാര്യ കമ്മിഷന്റെ സാമ്പത്തിക സഹായത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പുവഴി വയനാട്, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കാസറഗോഡ് എന്നീ 5 ജില്ലകളിലെ 78 പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 1.57 കോടി രൂപ ചെലവഴിച്ചുകൊണ്ട് 72.57 ഹെക്ടർ സ്ഥലത്തെ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

5. **കാന്തല്ലൂർ വട്ടവട പഞ്ചായത്തുകളിലെ ശീതകാല പഴം പച്ചക്കറി വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുവാനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി.**

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴംപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം,ജല ലഭ്യത ഉറപ്പാക്കുക, ഉൽപാദനം വർദ്ധിപ്പിക്കുക, തുടങ്ങിയ ലക്ഷ്യത്തോടെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ സാമ്പത്തിക സഹായത്തോടെ **16.6 ലക്ഷം** രൂപയ്ക്കുള്ള മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

6. **പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ കാർഷിക ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായുള്ള നബാർഡ് ധനസഹായ ചെക്ക് ഡാം പദ്ധതി.**

പ്രധാനമന്ത്രിയുടെ പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി ദുരിത ബാധിത ജില്ലയായ വയനാട്ടിൽ നടന്നുവരുന്ന ചെക്ക് ഡാം പദ്ധതിയിൽ വിവിധ തരത്തിലുള്ള 3160 ചെക്ക്ഡാമുകളുടെ

നിർമ്മാണത്തിനായി 7.60 കോടി രൂപ ചെലവഴിച്ചു

7. **ശാസ്താംകോട്ട, അരുവിക്കര ശുദ്ധജല പദ്ധതികളുടെ വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണം.**

ശാസ്താംകോട്ട, അരുവിക്കര ശുദ്ധജല പദ്ധതികളുടെ 285 ഹെക്ടർ വരുന്ന വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണത്തിനായി 64 ലക്ഷം രൂപയുടെ വിവിധ മണ്ണു ജല സംരക്ഷണ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.

8. **ദേശീയ നീർമറി വികസന പദ്ധതി (NWDPRA)**

ദേശീയ നീർമറി വികസന പദ്ധതിയുടെ ഭാഗമായി കേരളത്തിലുടനീളമുള്ള 134 മൈക്രോ വാട്ടർഷെഡുകളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ M.M.A ഫണ്ടിൽ നിന്നും ലഭിച്ച 6.68 കോടി രൂപയും RKVY ഫണ്ടായി ലഭിച്ച 4.71 കോടി രൂപയും വിനിയോഗിച്ച് 11.39 കോടി രൂപയുടെ മണ്ണു ജല സംരക്ഷണ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി.

9. **രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)**

കേന്ദ്ര സർക്കാർ പദ്ധതിയായ ആർ.കെ. വി. വൈ മുഖേന ലഭിച്ച 30 ലക്ഷം രൂപ വിനിയോഗിച്ച് കാർഷിക മേഖലയുടെ വികസനത്തിനായുള്ള വിവിധ മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

10. **കബനി നദീതട വികസന പദ്ധതി (RVP)**

കേന്ദ്ര സർക്കാർ പദ്ധതിയായ കബനി നദീതട വികസന പദ്ധതിയിൽ വയനാട് ജില്ലയിലെ വിവിധ നീർമറി പ്രദേശങ്ങളിലായി 303.5 കോടി രൂപയുടെ മണ്ണു ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

സി) ഇതിലെ കേന്ദ്ര സംസ്ഥാന പദ്ധതികൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

സി) ഇതിൽ 6 എണ്ണം സംസ്ഥാന സർക്കാർ പദ്ധതികളും, 4 എണ്ണം കേന്ദ്രസർക്കാർ പദ്ധതികളുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>സംസ്ഥാന പദ്ധതികൾ</u>**

1. നീർത്തടവികസനം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ( നബാർഡ് ധനസഹായ പദ്ധതി.)
2. ഉരുൾപൊട്ടൽ ബാധിത /സാദ്ധ്യതാ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ/ പുനരുദ്ധാരണ പദ്ധതി.

3. പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളുടെ സങ്കേതങ്ങളിലെ പാരിസ്ഥിതിക പുനർജ്ജീവന പദ്ധതി.
4. കാന്തല്ലൂർ വട്ടവട പഞ്ചായത്തുകളിലെ ശീതകാല പഴം പച്ചക്കറി വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുവാനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി.
5. പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ കാർഷിക ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായുള്ള നബാർഡ് ധനസഹായ ചെക്ക് ഡാം പദ്ധതി.
6. ശാസ്താംകോട്ട, അരുവിക്കര ശുദ്ധജല പദ്ധതികളുടെ വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണം.

**<u>കേന്ദ്ര പദ്ധതികൾ</u>**

1. കുട്ടനാട്, മേൽ കുട്ടനാട് ഓണാട്ടുകര പ്രദേശങ്ങളിലെ കാർഷിക ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി (കുട്ടനാട് പാക്കേജ്)-13-ാം ധനകാര്യ കമ്മിഷന്റെ ധനസഹായം.
2. ദേശീയ നീർമറി വികസന പദ്ധതി (NWDPRA)
3. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)
4. കബനി നദീതട വികസന പദ്ധതി (RVP)

ഡി) നബാർഡിന്റെ എന്തെല്ലാം ധനസഹായങ്ങ-ളാണ് ഇതിന് ലഭിച്ചത്; വിശദാംശങ്ങൾ നൽകാമോ?

ഡി) നബാർഡിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ ആർ ഐ. ഡി. എഫ് 11-ാം ഘട്ടം മുതൽ 19-ാം ഘട്ടം വരെ 78 പദ്ധതികളിലായി **47.71 കോടി** രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 45.32 കോടി രൂപ നബാർഡിന്റെ ധനസഹായവും **2.39 കോടി** രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഇതു കൂടാതെ പ്രധാന മന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ നടന്നുവരുന്ന ചെക്ക് ഡാം പദ്ധതിയ്ക്ക് (ആർ ഐ. ഡി. എഫ് 16) **11 കോടി** രൂപയുടെ നബാർഡ് ധനസഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 9.86 കോടി രൂപ നബാർഡ് വിഹിതവും 1.14 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. ചെക്ക് ഡാം പദ്ധതിയിൽ നാളിതുവരെയായി **7.60 കോടി** രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**